## അതേ പ്രാർഥന – ഇടശ്ശേരി ഗോവിന്ദൻനായർ

**ആമുഖം**: ഒരു തേന്മാവിലൂടെ, പ്രകൃതി മനുഷ്യന് നൽകുന്ന മഹത്തായ ജീവിതമൂല്യത്തെ എടുത്തു കാണിക്കുന്ന ഇടശ്ശേരി ഗോവിന്ദൻനായരുടെ കവിതയാണ് 'അതേ പ്രാർഥന'.

### ചോദ്യോത്തരങ്ങൾ

1. "സമൃദ്ധി മുറ്റിടുംതോറും കുനിയുകെന്നറിവുറ്റാ
   രനധ്യായം പഠിപ്പിച്ചിതതിനെച്ചൂണ്ടി" – തേന്മാവിലൂടെ പ്രകൃതി പകർന്നു നൽകുന്ന ജീവിതപാഠങ്ങൾ എന്തെല്ലാം?

സമൃദ്ധിയുടെ പര്യായം പോലെയാണ് തേന്മാവ് നിലകൊള്ളുന്നത്. മാങ്ങകൾ ചില്ലകളിൽ നിറയുമ്പോഴും മാവ് വിനയത്തോടെ തല കുനിച്ചുനിൽക്കുന്നു. അതുപോലെ, അറിവും കഴിവും കൂടുമ്പോൾ നമ്മിൽ എളിമ (വിനയം) വർദ്ധിക്കുകയാണ് വേണ്ടത് എന്ന മഹത്തായ ജീവിതപാഠമാണ് തേന്മാവ് നമ്മെ പഠിപ്പിക്കുന്നത്. ചെറിയ വിജയങ്ങളും നേട്ടങ്ങളും ഉണ്ടാകുമ്പോൾ അതിൽ അഹങ്കരിക്കുന്ന മനുഷ്യരോട് വിനയം ഉള്ളവരാകാൻ തേന്മാവ് ഓർമ്മിപ്പിക്കുന്നു. നിസ്വാർത്ഥ സേവനം, പരോപകാരം, വിനയം തുടങ്ങിയ മഹത്തായ ജീവിതപാഠങ്ങളാണ് തേന്മാവിലൂടെ പ്രകൃതി നമുക്ക് പകർന്നു നൽകുന്നത്.

2. "അയൽപ്പാതവക്കത്തന്നു വഴിപ്പണിക്കുടച്ചിട്ടോ
 രുരുളൻക്കല്ലുകൾക്കൊക്കെ ചിറകും വന്നൂ"– ഈ വരികളിൽ തെളിയുന്ന കാവ്യഭംഗി വിശദീകരിക്കുക.

മനോഹരമായ കാവ്യസൗന്ദര്യം നിറഞ്ഞുനിൽക്കുന്ന വരികളാണിവ. തേന്മാവിൽ പാകമായി നിൽക്കുന്ന മാങ്ങകൾ എറിഞ്ഞുവീഴ്ത്താൻ ശ്രമിക്കുന്ന കുട്ടികളെയാണ് ഈ വരികളിൽ ചിത്രീകരിക്കുന്നത്. വഴിപ്പണിക്കായി ഇട്ടിരുന്ന കല്ലുകൾക്ക് ചിറക് വന്നു എന്ന മനോഹരമായ കല്പനയിലൂടെ, കുട്ടികൾ കല്ലുകൾ പെറുക്കിയെടുത്ത് മാവിലേക്ക് എറിഞ്ഞു എന്ന ആശയം കവി വർണ്ണിച്ചിരിക്കുന്നു. തേനൂറുന്ന മാങ്ങകൾ കുട്ടികൾക്ക് നൽകുമ്പോഴും അതിന്റെ പേരിൽ കൂർത്തയേറിയ കല്ലുകൾ കൊണ്ടുള്ള ഏറുകളാണ് തേന്മാവിന് ഏൽക്കേണ്ടി വരുന്നത്.

3. "സമൃദ്ധിതൻ കണ്ണീരെത്ര പുളിച്ചാലും വരം,അയ്യോ
   ദരിദ്രന്റെ മരവിപ്പാണസഹനീയം"–ഈ വരികളിലൂടെ കവി
   മുന്നോട്ട് വയ്ക്കുന്ന ആശയം എന്ത്?

ആഗ്രഹിക്കുന്നവർക്കെല്ലാം നൽകാൻ വേണ്ടി ധാരാളം മാമ്പഴവും പേറി നിൽക്കുകയാണ് തേന്മാവ്. അതിന്റെ പേരിൽ തേന്മാവിന് ധാരാളം വേദനകൾ ഏൽക്കേണ്ടിവരുന്നു. എന്നാൽ, എത്ര കല്ലേറുകൊണ്ടാലും തനിക്ക് ഇനിയും മാമ്പഴങ്ങൾ പേറിക്കൊണ്ടുള്ള സഫലജന്മം മതിയെന്നാണ് വസന്തത്തോട് മാവ് അപേക്ഷിക്കുന്നത്. ആർക്കും പ്രയോജനമില്ലാതെയുള്ള ദരിദ്രമായ അവസ്ഥയാണ് അസഹനീയം എന്ന് തേന്മാവ് കരുതുന്നു. കവികൾ തേന്മാവിനെ പോലെയും കവിതകൾ മാമ്പഴങ്ങൾ പോലെയുമാണ്. എത്ര വിമർശനങ്ങൾ ഏറ്റുവാങ്ങിയാലും കവികൾ തങ്ങളുടെ സർഗ്ഗസൃഷ്ടികൾ തുടർന്നുകൊണ്ടേയിരിക്കും എന്ന് ഈ വരികളിലൂടെ കവി സൂചിപ്പിക്കുന്നു.

* * *